**A** **702**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016-17

## മലയാളം

ക്ലാസ്സ് : 7 | **കേരളപാഠാവലി** | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

---

**പ്രവർത്തനം 1 - വിശകലനക്കുറിപ്പ്**

'ഞാറ്റുവേലപ്പൂക്കൾ' എന്ന കവിതയിൽ കർഷകർക്കൊപ്പം കവിയുടെ മനസ്സിലും പ്രതീക്ഷ നാമ്പിടുന്നത് നാം ആസ്വദിച്ചു.

ഈ കവിത വായിച്ചു നോക്കൂ.

**കയ്പവല്ലരി**

ഇത്തിരി മണ്ണിൽത്താനേ കിളച്ചുവിയർത്തൊരു
വിത്തുപാകുമ്പോൾ, പേർത്തുമത്തടം നനയ്ക്കുമ്പോൾ
പച്ചയാം രക്തം മുറ്റിപ്പടരും ദലച്ചാർത്തിൽ
പറ്റിയ പുഴുക്കളെ പിടിച്ചു കളയുമ്പോൾ,
കടിഞ്ഞിൽപ്പൂവും കായും കാണുമ്പോഴീ നമ്മൾക്കു
കരളിൽ തുടിക്കുന്നിലെന്തെന്തൊരഭിമാനം!
വയലും തോപ്പും കായ്പൂന്തോട്ടവും വിരിയിച്ച
വലിയോർകളാം വീരപൂർവ്വികരുടെ രക്തം
ഉണരുന്നല്ലോ വീണ്ടും നമ്മളിലന്നേരം നാം
അണയുന്നല്ലോ തിര്യേ നമ്മൾ തൻ തറവാട്ടിൽ
ഉർവ്വിയെ പുഷ്പിപ്പിക്കും കല പോൽ നമുക്കത്ര
നിർവൃതികരം സർഗ്ഗവ്യാപാരമുണ്ടോ മന്നിൽ?

*- വൈലോപ്പിള്ളി*

- ദലച്ചാർത്ത് - ഇലകളുടെ കൂട്ടം
- പേർത്തും - വീണ്ടും

ഒരു കർഷകൻ തന്റെ കൃഷിയെ എത്ര സൂക്ഷ്മതയോടെയാണ് നോക്കിക്കാണുന്നത്. ഭൂമിയെ പുഷ്പിപ്പിക്കുന്ന കല എത്ര മഹത്തരമായാണ് കവി കാണുന്നത്.

എ. ഈ സൂചനകൾ കൂടി പരിഗണിച്ച് കർഷകമനസ്സും കവിമനസ്സും ഒന്നാകുന്ന അവസ്ഥയെ വിശകലനം ചെയ്ത് കുറിപ്പെഴുതുക.

ബി. 'മത്തയിൽ, പ്പടവല വള്ളിയിൽ, കുമ്പളത്തി-
ലിത്തപ്പം നിങ്ങൾ ചെയ്കെത്തുടിപ്പൂ മമ ചിത്തം'

അടിയിൽ വരയിട്ട പദത്തിനു പകരം പദം കണ്ടെത്തുക.

(കണ്ണുകൾ, കാതുകൾ, വീട്, മനസ്സ്)

പ്രവർത്തനം 2 – കത്ത്

റൈൻ നദി ഒഴുകുകയാണ്, കണ്ണീരുറവപോലെ. . . .
റൈൻ നദി ഒഴുകുകയാണ് – സ്വച്ഛമായി, ശാന്തമായി
റൈൻ നദി ഒഴുകുകയാണ് – ഓളം വെട്ടി,

ചിന്നിച്ചിതറി, ആർത്തുചിരിച്ച്. . . . .

നമ്മൾ ജീൻ ക്രിസ്റ്റഫിന്റെ വെല്ലുവിളികൾ നിറഞ്ഞ ജീവിതത്തിലൂടെ കടന്നു പോവുകയാണ്. കടലിരമ്പം പോലെ ഉയർന്നുപൊങ്ങിയ കരഘോഷങ്ങൾക്കു നടുവിലാണ് ഇപ്പോൾ ജീൻ ക്രിസ്റ്റഫ്.

എ. ക്രിസ്റ്റഫിന്റെ വളർച്ചയിൽ അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ട് ജീൻ ക്രിസ്റ്റഫിന് കത്തെഴുതൂ. പാഠഭാഗത്ത് പരിചയപ്പെട്ടതുപോലെ കാവ്യാത്മകമായ ഭാഷ പ്രയോഗിക്കാൻ ശ്രമിക്കണം.

ബി. ശബ്ദവീചികൾ – ശബ്ദത്തിന്റെ വീചികൾ

എന്നെഴുതാമെങ്കിൽ കരഘോഷം എങ്ങനെയെഴുതാം.

പ്രവർത്തനം 3 – കഥാപാത്ര നിരൂപണം

'കതിവനൂർ വീരൻ' എന്ന പാഠഭാഗത്തിലെ വീരനായകനായ മന്ദപ്പനെ ഓർമ്മയില്ലേ.

"ആയുധം പോയതും ആയുസ്സു പോയതും
എനക്ക് ഒരുപോലെയാ"

"അരിശം പാരം കൊടിയവനാണ് മന്ദപ്പൻ
പൈച്ചാലവന് പൈദാഹമൊട്ടും പൊറുത്തും കൂടാ."

"മന്ദിച്ചു നിൽക്കാൻ സമയമില്ല, നാടിനെയും
നാട്ടുകാരെയും കാക്കണം."

ഈ സൂചനകളും മറ്റു വിവരങ്ങളും കൂട്ടിച്ചേർത്ത് മന്ദപ്പൻ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയ്യാറാക്കുക.

പ്രവർത്തനം 4 – പ്രസംഗം

- നാടകശാലകളിലും സംഗീതസദസ്സുകളിലും മെൽഷിയർ കൂട്ടുകാരുമൊത്ത് മദ്യലഹരിയിൽ മദിച്ചു നടന്നു. ഭർത്താവ് കൈവിട്ടുപോയി എന്ന് വേദനയോടെ, ഭയത്തോടെ ലൂഷ്യ തിരിച്ചറിഞ്ഞു. നമുക്ക് ചുറ്റും ഇത്തരം ധാരാളം ലൂഷ്യമാരുണ്ട്.

  മദ്യം കുടുംബാന്തരീക്ഷത്തിലെ സമാധാനം തകർത്തു കളയുന്ന ചിത്രമാണല്ലോ ഇത്. കഥയിലെ സൂചനകളും മറ്റ് ഉചിതമായ ഉദാഹരണങ്ങളും വിശദീകരിച്ച് 'മദ്യപാനം ജീവിതത്തെ തകർക്കുന്നു.' എന്ന വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കുക. നല്ല പ്രസംഗങ്ങൾ സർഗ്ഗവേളയിൽ അവതരിപ്പിക്കപ്പെടും എന്ന് മറക്കല്ലേ.

പ്രവർത്തനം 5 – ആമുഖക്കുറിപ്പ്

"ഒരു കുട്ടിക്ക്, ഒരു അധ്യാപകന്, ഒരു തൂലികയ്ക്ക്, ഒരു പുസ്തകത്തിന് ഈ ലോകത്തെ മാറ്റാൻ കഴിയും. വിദ്യാഭ്യാസമാണ് ഒരേയൊരു പരിഹാരം."

*– മലാല യൂസഫ്സായ് ഐക്യരാഷ്ട്ര സഭയിൽ ചെയ്ത പ്രസംഗം*

അർദ്ധരാത്രിയിൽ മണിക്കൂറുകളുടെ മണി മുഴങ്ങുമ്പോൾ, ലോകമുറങ്ങുമ്പോൾ ഭാരതം സ്വാതന്ത്ര്യത്തിലേക്ക്, നവചേതനയിലേക്ക് ഉണരും. ഏറെ നാൾ അടിച്ചമർത്തപ്പെട്ട ഒരു ജനത പഴമയിൽ നിന്ന് പുതുമയിലേക്ക് കാലെടുത്ത് വയ്ക്കുകയാണ്.

*– ഭാരത സ്വാതന്ത്ര്യത്തിന്റെ തലേന്നാൾ അർദ്ധരാത്രിയിൽ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ചെയ്ത ചരിത്ര പ്രാധാന്യമുള്ള പ്രസംഗം*

കുട്ടികൾ സ്വപ്നങ്ങൾ കാണാൻ ശീലിക്കണം. സ്വപ്നങ്ങൾ ചിന്തകളായി മാറുന്നു. ചിന്തകൾ പ്രവർത്തനത്തിലേക്ക് നയിക്കുന്നു.

*– എ.പി.ജെ. അബ്ദുൾ കലാം*

സ്വാതന്ത്ര്യം നേടുന്നതുവരെ നമുക്ക് വിശ്രമമില്ല. സ്വാതന്ത്ര്യം നമ്മുടെ ജന്മാവകാശമാണ്. നമുക്കത് വേണം.

*– ബാലഗംഗാധരതിലകൻ*

പ്രസംഗകലയെക്കുറിച്ചുള്ള സുകുമാർ അഴിക്കോടിന്റെ കാഴ്ചപ്പാടും, മാർട്ടിൻ ലൂഥർ കിംഗിന്റെ പ്രസംഗവും നിങ്ങൾക്ക് പരിചിതമാണല്ലോ.

മുകളിൽ കൊടുത്ത പ്രസംഗ ഭാഗങ്ങളും നിങ്ങൾ കേട്ടിട്ടുള്ള പ്രസംഗങ്ങളും ഉൾപ്പെടുത്തി 'എന്നെ ആകർഷിച്ച പ്രസംഗങ്ങൾ' എന്ന ഒരു പതിപ്പ് തയാറാക്കുകയാണെങ്കിൽ അതിനൊരു ആമുഖക്കുറിപ്പ് എഴുതുക. ഉള്ളടക്കത്തിന്റെ സ്വഭാവവും കാഴ്ചപ്പാടും പ്രതിഫലിപ്പിക്കുന്നതും പതിപ്പിനെ ഭാവാത്മകമായി വിലയിരുത്തുന്നതുമാകുമല്ലോ നിങ്ങളുടെ കുറിപ്പ്.

****